തിരുവിതാംകൂർ ഡിവിഷൻ	കൊച്ചി ഡിവിഷൻ
ആയുർവ്വേദാശുപത്രി, തിരുവനന്തപുരം.	ആയുർവ്വേദാശുപത്രി, അഴിക്കോട്
,, നെയ്യാറ്റിൻകര.	,, ചെറുതുരുത്തി
വിഷാശുപത്രി, തിരുവല്ലാ	,, എറണാകുളം
	,, കൊടകര
	,, മട്ടാഞ്ചേരി
	,, പള്ളിപ്പുറം
	,, തത്തമംഗലം
	,, ഉപ്പുണിത്തുറ
	ആർ. വി. സി. എ. ആശുപത്രി, ഉദ്ദിവപേരൂർ

Sri. P. Balakrishnan Tampi : May I ask is there any opinion regarding diet and health of these vydians who get a pay of Rs. 20, 25 or 30? I consider it is a valuable public opinion. Can the Minister give that?

ശ്രീ. എ. ജെ. ജോൺ: അവർ ഇപ്പോഴും ജോലി ചെയ്തുകൊണ്ടിരിക്കുന്നുണ്ട് എന്നറിയാം.

ആയുർവ്വേദ ചികിത്സാപദ്ധതി

*൩൦൩. (൨൨) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ആയുർവ്വേദ ചികിത്സാപദ്ധതി അഭിവൃദ്ധിപ്പെടുത്തുവാൻ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇപ്പോൾ ഏതു ആയുർവ്വേദ വൈദ്യശാലകൾക്കാണ് ഗ്രാന്റ് നൽകുന്നതെന്നും എത്രയുക ആകെ ആയിനത്തിൽ കൊടുക്കുന്നുവെന്നും പറയുമോ;

(സി) ആയുർവ്വേദ വൈദ്യശാലകളുടെ ഗ്രാന്റ് നിശ്ചയിക്കുന്നതു് എന്തടിസ്ഥാനത്തിലാണെന്നും, ഗ്രാന്റിന്റെ തുക എത്രയെന്നും പറയുമോ;

(ഡി) ഗ്രാന്റ് നൽകുന്ന എല്ലാ വൈദ്യശാലകളും ആണ്ടിൽ ഒരു തവണയെങ്കിലും ഡിപ്പാർട്ട്മെന്റ് അധികൃതർ പരിശോധിക്കാറുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ:)

(എ) ആയുർവ്വേദവൈദ്യത്തിൽ ശരിയായ ജ്ഞാനവും ചികിത്സാനൈപുണ്യവും സമ്പാദിക്കുന്നതിനായി ആയുർവ്വേദകാളേജിൽ വൈദ്യവിദ്യാഭ്യാസത്തിനു വേണ്ട സൗകര്യങ്ങളും ചെയ്തിട്ടുള്ളതിനുപുറമേ അർഹരായ വൈദ്യന്മാർക്ക് ഗ്രാന്റുകൊടുത്തും വൈദ്യസഹായം ആവശ്യമുള്ള പ്രദേശങ്ങളിൽ ഗവൺമെന്റുവക വൈദ്യസ്ഥാപനങ്ങളും തുറന്നും ശാസ്ത്രവിധിപ്രകാരം ആയുർവ്വേദമരുന്നുകളും പാകംചെയ്തു വില്ലനനടത്തിയും ഈ ചികിത്സാപദ്ധതിയെ സർക്കാർ പ്രോത്സാഹിപ്പിക്കുന്നുണ്ട്.

(ബി) ൧൭൪; കൊല്ലത്തിൽ ആകെ ചിലവു് ൪൫,൩൦൦ രൂപ.

(സി) ഓരോ വൈദ്യശാലയുടേയും ഗ്രാന്റു സംഖ്യ നിശ്ചയിക്കുന്നതു് അതിനടുത്തു താമസിക്കുന്ന ജനങ്ങൾക്ക് ആ സ്ഥാപനത്തിൽനിന്നു് ലഭിക്കുന്ന വൈദ്യസഹായത്തെ അടിസ്ഥാനപ്പെടുത്തിയായിരിക്കും. ഓരോ വൈദ്യസ്ഥാപ

LIBRARY ARCHIVES Kerala Legislative Assembly

നത്തിനും നൽകുന്ന ഗ്രാൻറിന്റെ തുക അനുസരിച്ച് ഇവയെ പല ഗ്രേഡുകളായി തിരിച്ചിട്ടുണ്ട്.

തിരുവിതാംകൂറിൽ

൪൦	ഉപ്പുകിഴിതം പ്രതിമാസം ഗ്രാൻറ് കൊടുക്കുന്ന ആശുപത്രികൾ		൪
൫൦	,,	,,	൫
൬൦	,,	,, വൈദ്യശാലകൾ	൪
൭൪	,,	,,	൬
൭൦	,,	,,	൬
൮൪	,,	,,	൮൫

അപ്പ്ലിഫ്റ്റിന്റെ കേന്ദ്രങ്ങളിൽ ൮൪ ക. വീതം പ്രതിമാസം ഗ്രാൻറ് കൊടുക്കുന്ന വൈദ്യശാലകൾ ൭൦

കൊച്ചിയിൽ

൮൪ ക. വീതം പ്രതിമാസം ഗ്രാൻറ് കൊല്ലത്തിൽ ൮൦൦ ക. യുടെ മരുന്നും കൊടുക്കുന്ന വൈദ്യശാലകൾ ൮൪

കൊല്ലത്തിൽ ൮൦൦ ക. യുടെ മരുന്നുമാത്രം കൊടുക്കുന്ന വൈദ്യശാലകൾ ൮൦

,, ൫൬ ക. യുടെ ,, ,, ൮൬

(ഡി) കഴിയുന്നതും ൩ മാസത്തിലൊരിക്കൽ ഡിപ്പാർട്ടുമെൻറ് അധികൃതർ ഗ്രാൻറ് വൈദ്യശാലകൾ പരിശോധിക്കാറുണ്ട്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: മനിസിപ്പാലിറ്റികളിൽനിന്നും ഗ്രാൻറ് നൽകിവരുന്ന വൈദ്യശാലകൾക്ക് ഗവൺമെണ്ട് ഗ്രാൻറ് നൽകാറുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അങ്ങിനെ പ്രത്യേകം ഗ്രാൻറ് കൊടുക്കുന്ന ഏർപ്പാടില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: ഗവൺമെണ്ടിൽനിന്ന് നേരിട്ട് കൂടുതൽ ആയുർവ്വേദാശുപത്രികൾ നടത്താൻ ആലോചിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അതു് ധനസ്ഥിതിയനുസരിച്ചിരിക്കും.

ശ്രീ. മാന്നാർ ഗോപാലൻനായർ: തിരുവനന്തപുരം ആയുർവ്വേദാശുപത്രിയുടെ ശാഖകൾ എവിടെയെങ്കിലും സ്ഥാപിക്കാൻ ആലോചനയുണ്ടോ?

ശ്രീ. എ. ജെ. ജോൺ: തൽക്കാലം ഇല്ല.

ശ്രീ. പാറം തളിയത്തു്: ഗ്രാൻറിനത്തിൽ കൊല്ലംതോറും ആകെ എത്ര തുക ചിലവാകുന്നുണ്ടെന്നു് പറയാമോ?

ശ്രീ. എ. ജെ. ജോൺ: അതിന്റെ ഉത്തരം നേരത്തെ പറഞ്ഞുകഴിഞ്ഞു.

ശ്രീ. ശാസ്ത്രർ ഡിസിൽവ: ആയുർവ്വേദാശുപത്രികളിൽ മരുന്നു പൊടിച്ചുകൊടുക്കുന്നതുകൊണ്ടു് ഗുണം കൂടുതലും ചിലവു കൂടുതലും ആണെന്നറിയാമോ?

ശ്രീ. എ. ജെ. ജോൺ: അങ്ങിനെ അറിഞ്ഞുകൂടാ. നേരെമറിച്ചു് പൊടിച്ചുകൊടുക്കുന്നതുകൊണ്ടു് ഗുണം കൂടുതലുണ്ടെന്നാണു് ഗവൺമെണ്ടിന്റെ അറിവു്.

ശ്രീ. ശാസ്ത്രർ ഡിസിൽവ: മരുന്നു പൊടിച്ചുകൊടുക്കുന്നതുകൊണ്ടു് അതിന്റെ ഗുണം കുറഞ്ഞുപോകുന്നുവെന്നുള്ള കാരണത്താൽ എറണാകുളത്തെ ആയുർവ്വേദാശുപത്രിയിൽതന്നെ ഈ അടുത്തകാലത്തു രോഗികൾ വളരെ കുറഞ്ഞുപോയിട്ടുണ്ടെന്നു് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജോൺ : എറണാകുളം ആശുപത്രിയിൽ രോഗികൾ കുറഞ്ഞിട്ടില്ല. കൂടിയിട്ടുണ്ടെന്നാണ് ഗവൺമെണ്ടിന്റെ അറിവ്.

Sri. P. Balakrishnan Tampi : Is it in pursuance of anti-inflation policy of the Government of India that the grant has been reduced to Rs. 15 or 20 as the case may be?

ശ്രീ. എ. ജെ. ജോൺ : അല്ല. ഇൻഫ്ലേഷൻ ഉണ്ടായതു് ഈ അടുത്ത കാലത്താണ്. ഈ ഗ്രാന്റുകൾ അനുവദിച്ചിട്ടുള്ളതു് അതിനു വളരെ മുമ്പാണ്.

കൊട്ടാരക്കര ഡിസ്പെൻസറി ആശുപത്രി

*നം ൭. (ചോ) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊട്ടാരക്കര ഡിസ്പെൻസറിയിൽ ശരാശരി എത്ര രോഗികൾ ദിവസംതോറും മരുന്നു വാങ്ങിപ്പോകുന്നു;

(ബി) ഇപ്പോൾ എത്രപേരെ കിടത്തി ചികിത്സിക്കാൻ സൗകര്യമുണ്ടു്;

(സി) ഇപ്പോഴുള്ള സൗകര്യങ്ങൾ പൊതുജനങ്ങൾക്കു തീരെ പര്യാപ്തമല്ലെന്നു ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ വല്ല നടപടിയും എടുത്തിട്ടുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ക്ഷ ര ന്ന ാ.

(ബി) ക്ഷ ഛ.

(സി) കൂടുതൽ സൗകര്യങ്ങളുണ്ടാക്കാൻ വേണ്ട കെട്ടിടം പണിക്കു് നടപടികൾ എടുക്കുന്നുണ്ടു്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി : എത്രകാലത്തിനകം അതു ചെയ്തുതീർക്കാൻ സാധിക്കുമെന്നു പറയാമോ?

ശ്രീ. എ. ജെ. ജോൺ : അതു കൃത്യമായി പറയാൻ സാധ്യമല്ല. ധനസ്ഥിതിയനുസരിച്ചേ ചെയ്യാൻ നിവൃത്തിയുള്ളൂ.

പിന്നോക്കസമുദായക്കാർക്കു പ്രത്യേകം ആശുപത്രി

*നം ൮. (ചോ) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

പിന്നോക്കസമുദായങ്ങൾ അധികമായി താമസിക്കുന്ന വല്ല പ്രദേശത്തും പ്രത്യേകം ആശുപത്രിയോ, ഡിസ്പെൻസറിയോ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം?

ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): പിന്നോക്കസമുദായങ്ങൾ തനിച്ചു് അധികമായി താമസിക്കുന്ന സ്ഥലങ്ങളുടെ പേരുകൾ അറിയാതെ ഇതിനുത്തരം പറയാൻ നിവൃത്തിയില്ല.

*Answer to this question was laid on the table, as the questioner having exhausted his quota.

LIBRARY ARCHIVES Kerala Legislative Assembly